കെട്ടിക്കിടക്കുന്ന കയർ ഉല്പന്നങ്ങൾ

26 (595) ശ്രീ. എ. കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇപ്പോൾ എന്തു തുകയ്ക്കുള്ള കയറും കയറുൽപ്പന്നങ്ങളും കെട്ടിക്കിടപ്പുണ്ട്;

(ബി) എന്നുമുതലുള്ള സ്റ്റോക്കാണിത് എന്ന് വെളിപ്പെടുത്തുമോ ;

(സി) ഇത് വിറ്റഴിക്കുവാൻ എന്തെല്ലാം നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ;

ഉത്തരം

(എ) കയർഫെഡ്, കേരളസ്റ്റേറ്റ് കയർ കോർപ്പറേഷൻ, ഫോം മാറ്റിംഗ്സ് (ഇൻഡ്യ) ലിമിറ്റഡ്, 475 ഓളം പ്രാഥമിക കയർ സഹകരണ സംഘങ്ങൾ എന്നിവയിലെല്ലാമായി ഉദ്ദേശം 38 കോടി രൂപയുടെ കയറും കയർ ഉല്പന്നങ്ങളും കെട്ടിക്കിടപ്പുണ്ട്.

(ബി) കയർഫെഡിലും കേരളസ്റ്റേറ്റ് കയർ കോർപ്പറേഷനിലുമായി ഒരു വർഷത്തിനുമേൽ പഴക്കമുള്ള സ്റ്റോക്ക് ഉണ്ട്. പ്രാഥമിക കയർ സഹകരണ സംഘങ്ങളിൽ ഒരു വർഷത്തിനു മേൽ പഴക്കമുള്ള കയറും കയറുൽപ്പന്നങ്ങളും കെട്ടിക്കിടപ്പില്ല.

(സി) ഒരു വർഷത്തിനുമേൽ പഴക്കമുള്ള കയറും കയറുൽപ്പന്നങ്ങളും വിറ്റഴിക്കുന്നതിനായി സ്പെഷ്യൽ ഡിസ്ക്കൗണ്ട് അനുവദിക്കുന്നതിനുള്ള ഒരു പദ്ധതി നടപ്പുവർഷം മുതൽ നടപ്പാക്കാൻ സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ പഴക്കം ചെന്ന 9 കോടി രൂപയുടെ കയറും കയറുൽപ്പന്നങ്ങളും വിറ്റഴിക്കുന്നതിനുള്ള നടപടി കയർഫെഡും കേരള സംസ്ഥാന കയർ കോർപ്പറേഷനും സ്വീകരിച്ചു കഴിഞ്ഞു. ഇതിനു പുറമേ വിപണനം ത്വരിതപ്പെടുത്തുന്നതിനായി 20 ശതമാനം റിബേറ്റ് അനുവദിക്കാനും സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്.

കയർത്തൊഴിലാളി ക്ഷേമനിധി ബോർഡ്, കയർ ഫെഡ് എന്നിവയിലെ നിയമനം

27 (596) ശ്രീ. കെ. സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കയർത്തൊഴിലാളി ക്ഷേമനിധി ബോർഡ്, കയർഫെഡ് എന്നിവയിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര ജീവനക്കാരെ നിയമിച്ചിട്ടുണ്ട് തസ്തിക തിരിച്ച് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിൽ സ്ഥിര നിയമനവും താൽക്കാലിക നിയമനവും എത്ര വീതം ; വിശദവിവരം വെളിപ്പെടുത്തുമോ ;

(സി) കയർത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ താൽക്കാലിക അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവരെ സ്ഥിരപ്പെടുത്തുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) എങ്കിൽ ആരെയൊക്കെ ; ഏതെല്ലാം തസ്തികയിൽ എന്ന് വ്യക്തമാക്കാമോ;

(ഇ) കയർഫെഡിലേയും, കയർത്തൊഴിലാളി കോർപ്പറേഷനിലേയും നിയമനങ്ങൾ കഴിഞ്ഞ സർക്കാർ പി.എസ്.സി.ക്ക് വിട്ടിരുന്നുവോ ;

(എഫ്) എങ്കിൽ പി.എസ്.സി.ക്ക് വിട്ട നിയമനങ്ങളിൽ താൽക്കാലികമായി നിയമിച്ചവരെ സ്ഥിരപ്പെടുത്തവാനുള്ള നീക്കം നിലവിലുള്ള മാനദണ്ഡങ്ങൾക്ക് അനുസൃതമാണോ എന്ന് വ്യക്തമാക്കുമോ ;

(ജി) നിയമനങ്ങൾ പി.എസ്.സി. വഴി നടത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കയർത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ 15 പേരെ എൽ.ഡി.ക്ലാർക്ക് തസ്തികയിൽ ദിവസ വേതനാടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. കയർഫെഡിൽ സർവ്വീസിലിരിക്കെ മരണമടഞ്ഞവരുടെ ആശ്രിതർക്ക് ജോലി നൽകുന്ന പദ്ധതി പ്രകാരം വാച്ച്മാൻ തസ്തികയിൽ 4 പേരേയും ഫിനാൻസ് മാനേജർ, ബിസിനസ് മാനേജർ, പ്ലാനിംഗ് ആഫീസർ എന്നീ തസ്തികകളിൽ ഓരോ ആളെ വീതവും നിയമിച്ചിട്ടുണ്ട്. കൂടാതെ ജോലി സമയത്തുണ്ടായ അപകടത്തെതുടർന്ന് അംഗവൈകല്യം സംഭവിച്ച ഒരാളെ വാച്ച്മാൻ തസ്തികയിൽ സ്ഥിരപ്പെടുത്തി നിയമിച്ചിട്ടുണ്ട്.

(ബി) കയർത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിയമിച്ച 15 എൽ.ഡി. ക്ലാർക്കുമാരും ദിവസവേതനാടിസ്ഥാനത്തിലാണ് ജോലി ചെയ്യുന്നത്. കയർ ഫെഡിലെ 5 വാച്ച്മാൻമാരുടെ നിയമനങ്ങളും സ്ഥിര നിയമനങ്ങളാണ്. ഫിനാൻസ് മാനേജർ, ബിസിനസ് മാനേജർ, പ്ലാനിംഗ് ആഫീസർ എന്നിവരുടെ നിയമനങ്ങൾ കരാറടിസ്ഥാനത്തിലാണ്.

(സി) സ്ഥിരപ്പെടുത്തുന്നതിനു ബോർഡ് നൽകിയ ശുപാർശ പരിശോധിച്ചു വരുന്നു.

(ഡി) ദിവസവേതനാടിസ്ഥാനത്തിൽ നിയമിച്ച 15 പേരും എൽ.ഡി.ക്ലാർക്ക് തസ്തികയിൽപ്പെട്ടവരാണ്. പേരുവിവരം ചുവടെ ചേർക്കുന്നു.

1. ശ്രീ. കെ. വി. ഉത്തമൻ
2. ശ്രീമതി എം. മായാദേവി
3. ശ്രീമതി എസ്. സുധർമ്മ

LIBRARY ARCHIVES Kerala Legislative Assembly

4. ശ്രീമതി സി. വി. പവിഴം
5. ശ്രീ. പി. ആർ. ഉദയകുമാർ
6. ശ്രീ. എ. പി. പ്രദീപ് കുമാർ
7. കുമാരി പി. ജി ഹെലൻ
8. ശ്രീ. ഷാജി വർഗ്ഗീസ്
9. ശ്രീമതി എ. ലാലി
10. ശ്രീമതി ഡി. ലതിക
11. ശ്രീ. എസ്. രാജേന്ദ്രൻ
12. ശ്രീ. വി. ബിബിൻ ബാബു
13. ശ്രീമതി ആർ. പ്രീത
14. ശ്രീ. കെ. ജെ. പ്രീത്
15. ശ്രീ. കെ. മധുകുട്ടൻ

(ഇ) കയർഫെഡിലെ നിയമനങ്ങൾ പി.എസ്.സി.ക്ക് വിട്ടിട്ടുണ്ട്. കയർ തൊഴിലാളി ക്ഷേമനിധിബോർഡിലെ നിയമനങ്ങൾ പി.എസ്.സി.ക്ക് വിട്ടു കൊണ്ടുള്ള നടപടി ക്രമങ്ങൾ പൂർത്തിയായിട്ടില്ല.

(എഫ്) കയർഫെഡിലെ കരാറടിസ്ഥാനത്തിലുള്ള നിയമനങ്ങളൊന്നും തന്നെ സ്ഥിരപ്പെടുത്തുവാൻ ശുപാർശ ചെയ്തിട്ടില്ല. ക്ഷേമനിധിബോർഡിലെ നിയമനങ്ങൾ പി.എസ്.സി.ക്ക് വിട്ടുകൊണ്ടുള്ള നടപടിക്രമങ്ങൾ പൂർത്തിയായിട്ടില്ല ആയതിനാൽ ചോദ്യം ഉദിക്കുന്നില്ല.

(ജി) കയർഫെഡിലെ നിയമനങ്ങൾ പി.എസ്.സി വഴി നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ക്ഷേമനിധി ബോർഡിലെ നിയമനങ്ങൾ പി.എസ്.സി.ക്ക് വിടുന്ന നടപടിക്രമങ്ങൾ പൂർത്തിയായാൽ ഇക്കാര്യത്തിൻമേൽ നടപടികൾ സ്വീകരിക്കാവുന്നതാണ്.

കൈത്തറി നെയ്ത്തുകാർക്കായി പ്രോജക്ട് പാക്കേജ് സ്കീം

28 (597) ശ്രീ. കെ. എ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര സർക്കാരിൽ നിന്നും കൈത്തറി നെയ്ത്തുകാർക്കായി അനുവദിക്കുന്ന പ്രോജക്ട് പാക്കേജ് സ്കീം, ഹെൽത്ത് പാക്കേജ് സ്കീം എന്നീ ഇനങ്ങളിൽ ഉള്ള സഹായത്തിനായി എത്ര സഹകരണ സംഘങ്ങൾ അപേക്ഷ സമർപ്പിച്ചു ;

(ബി) ഇവയിൽ എത്ര സംഘങ്ങളെ ഇതിനായി ശുപാർശ ചെയ്തു ; എത്രയെണ്ണം നിരസിച്ചു;

LIBRARY ARCHIVES Kerala Legislative Assembly